# ഓശാനഞായർ

## കർമക്രമം

### പ്രാരംഭഗീതം

(ബാഹർ ലെമ്പാ ... യാദാ ഹൂശാവേ ...)

ഗായക. ഓർശ്ലേംനഗരത്തിൻ വാതിൽ തുറക്കുന്നു
സമൂ. ഒലിവിൻശിഖരങ്ങൾ കൈകളിലുയരുന്നു
ഓശാനകളാൽ വഴിയെല്ലാം
മുഖരിതമാകുന്നു.

രാജമഹേശ്വരനാം മിശിഹായണയുന്നു
കഴുതക്കുട്ടിയതാ വാഹനമാകുന്നു
വീഥികൾതോറും ജയ്‌വിളികൾ
മാറ്റൊലി തീർക്കുന്നു.

വാനവരോടൊപ്പം പാടാം ഓശാന
വിനയമൊടീ സുദിനം നാഥനു സ്തുതിപാടാം.
വിണ്ണിൻ പാവന ഭവനത്തിൽ
ചേർക്കുക ഞങ്ങളെയും.

പാതകൾതോറും വെൺ പട്ടുവിരിപ്പുകളും
സൈത്തിൻകൊമ്പുകളും നിൻ എതിരേല്പിന്നായ്
അന്നുവിരിച്ചതുപോൽ ഹൃദയം
ഞങ്ങളൊരുക്കീടാം.

പ്രാരംഭഗീതം ആലപിക്കുമ്പോൾ കാർമികനും ശുശ്രൂഷികളും സഹായികളും ക്രമപ്രകാരമുള്ള തിരുവസ്ത്രങ്ങൾ അണിഞ്ഞ്, ധൂപക്കുറ്റി, സ്ലീവ, തിരികൾ, സുവിശേഷഗ്രന്ഥം എന്നിവ സംവഹിച്ചുകൊണ്ട് പ്രദക്ഷിണമായിവന്ന് പീഠത്തിന്റെ മുമ്പിൽ ജനാഭിമുഖമായി നില്ക്കുന്നു. പീഠത്തിന്റെ നടുവിൽ കുരിശും സുവിശേഷഗ്രന്ഥവും ഇരുവശങ്ങളിലായി കത്തിച്ച തിരികളും വയ്ക്കുന്നു.

(വിശുദ്ധ കുർബാന ആരംഭിക്കുന്നു)

കാർമി. അന്നാപ്പെസഹാത്തിരുനാളിൽ
കർത്താവരുളിയ കല്പനപോൽ
തിരുനാമത്തിൽച്ചേർന്നീടാം
ഒരുമയൊടീബലിയർപ്പിക്കാം.

**സമൂ.** അനുരഞ്ജിതരായ്ത്തീർന്നീടാം
നവമൊരു പീഠമൊരുക്കീടാം
ഗുരുവിൻ സ്നേഹമൊടീയാഗം
തിരുമുമ്പാകെയണച്ചീടാം.

**കാർമി.** അത്യുന്നതമാം സ്വർല്ലോകത്തിൽ
സർവേശനു സ്തുതിഗീതം. (3)

**സമൂ.** ഭൂമിയിലെന്നും മർത്ത്യനു ശാന്തി
പ്രത്യാശയുമെന്നേക്കും. (3)

(അല്ലെങ്കിൽ)

**കാർമി.** അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി. (3)

**സമൂ.** ആമ്മേൻ. (3)

**കാർമി.** ഭൂമിയിൽ മനുഷ്യർക്കു സമാധാനവും
പ്രത്യാശയും എപ്പോഴും എന്നേക്കും.

**സമൂ.** ആമ്മേൻ.

**കാർമി.** സ്വർഗസ്ഥിതനാം താതാ നിൻ
നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ
പരിശുദ്ധൻ നീ പരിശുദ്ധൻ.

**സമൂ.** സ്വർഗസ്ഥിതനാം താതാ നിൻ
സ്തുതിതൻ നിസ്തുല മഹിമാവാൽ
ഭൂസ്വർഗങ്ങൾ നിറഞ്ഞു സദാ
പാവനമായി വിളങ്ങുന്നു.

വാനവമാനവവൃന്ദങ്ങൾ
ഉദ്ഘോഷിപ്പൂ സാമോദം
പരിശുദ്ധൻ നീ എന്നെന്നും
പരിശുദ്ധൻ നീ പരിശുദ്ധൻ.

സ്വർഗസ്ഥിതനാം താതാ നിൻ
നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ
നിൻ ഹിതമിവിടെ ഭവിക്കണമേ.

സ്വർഗത്തെന്നതുപോലുലകിൽ
നിൻ ചിത്തം നിറവേറണമേ
ആവശ്യകമാമാഹാരം
ഞങ്ങൾക്കിന്നരുളീടണമേ.

ഞങ്ങൾ കടങ്ങൾ പൊറുത്തതുപോൽ
ഞങ്ങൾക്കുള്ള കടം സകലം
പാപത്തിൻ കടബാദ്ധ്യതയും
അങ്ങു കനിഞ്ഞു പൊറുക്കണമേ.

ഞങ്ങൾ പരീക്ഷയിലൊരുനാളും
ഉൾപ്പെടുവാനിടയാകരുതേ
ദുഷ്ടാരൂപിയിൽനിന്നെന്നും
ഞങ്ങളെ രക്ഷിച്ചരുളണമേ.

എന്തെന്നാലെന്നാളേക്കും
രാജ്യം ശക്തി മഹത്ത്വങ്ങൾ
താവകമല്ലോ കർത്താവേ
ആമ്മേനാമ്മേനെന്നേക്കും.

**കാർമി.** താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതൽക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

**സമൂ.** സ്വർഗസ്ഥിതനാം താതാ നിൻ
നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ
പരിശുദ്ധൻ നീ പരിശുദ്ധൻ.

സ്വർഗസ്ഥിതനാം താതാ നിൻ
സ്തുതിതൻ നിസ്തുല മഹിമാവാൽ
ഭൂസ്വർഗങ്ങൾ നിറഞ്ഞു സദാ
പാവനമായി വിളങ്ങുന്നു.

വാനവമാനവവൃന്ദങ്ങൾ
ഉദ്ഘോഷിപ്പൂ സാമോദം
പരിശുദ്ധൻ നീ എന്നെന്നും
പരിശുദ്ധൻ നീ പരിശുദ്ധൻ.

(അല്ലെങ്കിൽ)

**കാർമി.** സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,

(സമൂഹവും ചേർന്ന്)

അങ്ങയുടെ നാമം പൂജിതമാകണമേ.
അങ്ങയുടെ രാജ്യം വരണമേ.
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,
അങ്ങയുടെ മഹത്ത്വത്താൽ
സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു.

മാലാഖമാരും മനുഷ്യരും
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ
എന്ന് ഉദ്ഘോഷിക്കുന്നു.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,
അങ്ങയുടെ നാമം പൂജിതമാകണമേ.
അങ്ങയുടെ രാജ്യം വരണമേ.
അങ്ങയുടെ തിരുമനസ്സു
സ്വർഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ.

ഞങ്ങൾക്ക് ആവശ്യകമായ ആഹാരം
ഇന്നു ഞങ്ങൾക്കു തരണമേ.
ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ
ഞങ്ങളുടെ കടങ്ങളും പാപങ്ങളും
ഞങ്ങളോടും ക്ഷമിക്കണമേ.
ഞങ്ങൾ പ്രലോഭനത്തിൽ വീഴാൻ ഇടയാകരുതേ.
ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ.

എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്ത്വവും
എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

**കാർമി.** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂ.** ആദിമുതൽ എന്നേക്കും, ആമ്മേൻ.

**കാർമി.** സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,

(സമൂഹവും ചേർന്ന്)

അങ്ങയുടെ നാമം പൂജിതമാകണമേ.
അങ്ങയുടെ രാജ്യം വരണമേ.
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,
അങ്ങയുടെ മഹത്ത്വത്താൽ
സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു.
മാലാഖമാരും മനുഷ്യരും
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ
എന്ന് ഉദ്ഘോഷിക്കുന്നു.

**ശുശ്രൂ.** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമി.** മഹത്ത്വത്തിന്റെ രാജാവായ മിശിഹായേ, വിനീതനായി കഴുതക്കുട്ടിയുടെ പുറത്ത് ജെറുസലെം ദൈവാലയത്തിലേക്ക് എഴുന്നള്ളിയ നിന്നെ ഞങ്ങൾ ആരാധിക്കുന്നു.

നീതിമാനും പ്രതാപവാനുമായ രാജാവേ, നിനക്ക് ഓശാന പാടിയ സീയോൻ മക്കളുടെ കീർത്തനങ്ങളോടു കൂടെ ഞങ്ങളുടെ പ്രാർഥനകളും സ്തുതിഗീതങ്ങളും സ്വീകരിക്കണമേ. ഓശാനപാടി നിന്നെ എതിരേറ്റ ജനങ്ങളെപ്പോലെ സ്തുതിഗീതങ്ങൾ ആലപിച്ചുകൊണ്ട് നിന്നെ എതിരേല്ക്കാൻ ഞങ്ങളെ യോഗ്യരാക്കണമേ. നിന്റെ സഹനത്തിലും മരണത്തിലും ഉത്ഥാനത്തിലും പങ്കുചേർന്ന് ഈ പെസഹാരഹസ്യങ്ങൾ അനുഷ്ഠിക്കാൻ ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

## സങ്കീർത്തനം 100

(തൂയെ ... / കർത്താവേ, മമരാജാവേ ...)

**കാർമി.** ഓശാനകളാൽ ഓർശ്ലേമിൽ
ബാലകരാലേ കീർത്തിതനേ,
ദൈവസുതാ, നിൻ ദയയാലേ
രക്ഷിച്ചരുളുക ഭക്തരെ നീ.

**സമൂ.** ഭൂവാസികളേ, കർത്താവിൻ
സ്തുതിഗീതങ്ങൾ പാടിടുവിൻ
ശുശ്രൂഷിക്കുക സാമോദം
പാവനമാം തിരുസന്നിധിയിൽ.

കീർത്തനനാദമുയർത്തി മുദാ
തിരുമുറ്റത്തു പ്രവേശിപ്പിൻ
ദൈവവുമതുപോൽ കർത്താവും
അവനാണെന്നതറിഞ്ഞിടുവിൻ.

നമ്മെ മെനഞ്ഞൊരു ദൈവത്തിൻ
സ്വന്തജനം നാം അജഗണവും.
അവനുടെ വാതിൽ കടന്നിടുവിൻ
പാവനനാമം കീർത്തിപ്പിൻ.

നാഥൻ നല്ലവനെന്നാളും
അവനുടെ കൃപയോ ചിരകാലം
വിശ്വസ്തതയും കുറവെന്യേ
എന്നേയ്ക്കും നിലനിൽക്കുന്നു.

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

(അല്ലെങ്കിൽ)

കാർമി. ഭൂവാസികളേ, കർത്താവിനെ സ്തുതിക്കുവിൻ;
സന്തോഷപൂർവം അവിടത്തെ ശുശ്രൂഷിക്കുവിൻ.

സമൂ. (കാനോന) ഓറെശ്ലെമിൽ ശിശുക്കൾ
ഓശാനഗീതങ്ങളാൽ സ്തുതിച്ച പുത്രാ,
അങ്ങയുടെ ആരാധകരെ സദയം രക്ഷിക്കണമേ.

കാർമി. കീർത്തനങ്ങൾ പാടിക്കൊണ്ട്
അവിടത്തെ തിരുമുമ്പിൽ പ്രവേശിക്കുവിൻ.

സമൂ. നമ്മുടെ ദൈവമായ കർത്താവ്
അവിടന്നാണെന്നു നിങ്ങൾ അറിയുവിൻ.

കാർമി. നാമല്ല, അവിടന്നാണു നമ്മെ സൃഷ്ടിച്ചത്;
നാം അവിടത്തെ ജനവും
മേച്ചിൽസ്ഥലത്തെ അജഗണവുമാകുന്നു.

സമൂ. സ്തോത്രങ്ങൾ പാടിക്കൊണ്ട്
അവിടത്തെ വാതിലുകൾ കടക്കുവിൻ.

കാർമി. കീർത്തനങ്ങൾ ആലപിച്ചുകൊണ്ട്
അങ്കണത്തിലേക്കു പ്രവേശിക്കുവിൻ.

സമൂ. കർത്താവു നല്ലവനാകുന്നു;
അവിടത്തെ കൃപയും വിശ്വസ്തതയും
എന്നേക്കും നിലനില്ക്കും.

കാർമി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

കാർമി. (കാനോന) ഓറെശ്ലെമിൽ ശിശുക്കൾ
ഓശാനഗീതങ്ങളാൽ സ്തുതിച്ച പുത്രാ,
അങ്ങയുടെ ആരാധകരെ സദയം രക്ഷിക്കണമേ.

ശുശ്രൂ. നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

(കുരുത്തോല വെഞ്ചരിപ്പും തുടർന്നുള്ള പ്രദക്ഷിണവും സുവിശേഷവായനയ്ക്കും വചനസന്ദേശത്തിനും ശേഷവും നടത്താവുന്നതാണ്.)

കാർമി. കർത്താവായ ദൈവമേ, നിത്യം ജീവിക്കുന്നവനായ അങ്ങേക്കും പരിശുദ്ധനായ അങ്ങയുടെ അഭിഷിക്തനും ജീവദായകനായ പരിശുദ്ധാത്മാവിനും ഞങ്ങൾ സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

## ഗീതം

ഓശാനപാടുവിൻ, നാഥനെ വാഴ്ത്തുവിൻ
ദിവ്യാപദാനങ്ങൾ കീർത്തിക്കുവിൻ
കാഹളമൂതുവിൻ, വീണകൾ മീട്ടുവിൻ
പാവനപാദം നമിച്ചിടുവിൻ

പൂക്കൾ വിരിക്കുവിൻ, വീഥിയൊരുക്കുവിൻ
വിണ്ടലനാഥനെഴുന്നള്ളുന്നു
ആനന്ദഗാനങ്ങളെങ്ങും മുഴങ്ങട്ടെ
സൃഷ്ടികൾ നാഥനെ വാഴ്ത്തീടട്ടെ. ഓശാന ...

## കുരുത്തോല വെഞ്ചരിപ്പ്

**ശുശ്രൂ.** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമി.** ഞങ്ങളുടെ നാഥനും രക്ഷകനും രാജാധിരാജനുമായ മിശിഹായേ, നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. ജറുസലെം പട്ടണത്തിലേക്കുള്ള നിന്റെ ആഘോഷപൂർവകമായ പ്രവേശനത്തിന്റെ ഓർമ ആചരിക്കാൻ ഒരുമിച്ചുകൂടിയിരിക്കുന്ന ഈ സമൂഹത്തെ തൃക്കൺപാർക്കണമേ. സൈത്തിൻകൊമ്പുകൾ പിടിച്ചുകൊണ്ട് നിന്നെ എതിരേറ്റവരെ അനുഗ്രഹിച്ച മിശിഹായേ, നിന്റെ വലത്തുകരം നീട്ടി, ഈ കുരുത്തോലകൾ ✠ ആശീർവദിക്കണമേ. ഞങ്ങളെയും ഈ കുരുത്തോലകൾ സ്ഥാപിക്കപ്പെടുന്ന ഭവനങ്ങളെയും സ്ഥലങ്ങളെയും നിന്റെ കൃപാവരംകൊണ്ട് നിറയ്ക്കണമേ. ഓശാനപാടി ഇന്നു നിന്നെ എതിരേല്ക്കുന്ന ഞങ്ങൾ, മഹത്ത്വപൂർണമായ നിന്റെ പ്രത്യാഗമനത്തിൽ നിന്നെ എതിരേല്ക്കാനും, സ്വർഗീയ ജെറുസലെമിൽ പ്രവേശിച്ച് ആനന്ദപൂർവം നിന്നെ സ്തുതിക്കാനും അർഹരാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

*കാർമികൻ കുരുത്തോലകളിൽ വിശുദ്ധജലം തളിക്കുകയും ധൂപിക്കുകയും ചെയ്യുന്നു. കുരുത്തോലകൾ വിതരണം ചെയ്യുന്നെങ്കിൽ താഴെവരുന്ന ഗീതം ആലപിക്കുന്നു.*

## ഗീതം

ഓശാന, ഓശാന
ദാവീദിൻ സുതനോശാന. ഓശാന ...

കർത്താവിൻ പൂജിതനാമത്തിൽ
വന്നവനെ വാഴ്ത്തിപ്പാടിടുവിൻ;
വിണ്ണിൻ പൂവേദിയിലോശാന
ദാവീദിൻ സൂനുവിനോശാന. ഓശാന ...

ബാലകരും തീർഥകരും
നാഥനു ജയ്ഗാനം പാടുന്നു
പുതുമലരും തളിരിലയും
നാഥനു ജയ്ഗാനം പാടുന്നു. ഓശാന ...

ജയ് വിളിയാൽ ചില്ലകളുണരുന്നു
പാതകളിൽ തോരണമിളകുന്നു;
ദൈവസുതൻ വിനയവിരാജിതനായ്
അണയുന്നു നഗരകവാടത്തിൽ. ഓശാന ...

വിണ്ടലവും ഭൂതലവും
മംഗളഗീതിയിൽ മുഴുകുന്നു
വാനവരും മാനവരും
നൂതന സന്തോഷം നുകരുന്നു. ഓശാന ...

വെൺനുരയാലാഴിയലംകൃതമായ്
നീലിമയാലംബരവീഥികളും
കാനനവും കാഞ്ചനപൂവനവും
നാഥനു സൗരഭ്യം പകരുന്നു. ഓശാന ...

തുടർന്ന്, കുരുത്തോലകൾ വഹിച്ചുകൊണ്ട് എല്ലാവരും പ്രദക്ഷിണമായി ദൈവാലയത്തിലേക്കു നീങ്ങുന്നു. ധൂപക്കുറ്റി, കുരിശ്, തിരികൾ, സുവിശേഷഗ്രന്ഥം എന്നിവ വഹിക്കുന്നവർ പ്രദക്ഷിണത്തിന്റെ ഏറ്റവും മുമ്പിലും, കാർമികൻ ഏറ്റവും പുറകിലുമായിരിക്കണം. പ്രദക്ഷിണ സമയത്ത് താഴെവരുന്ന ഗീതം ആലപിക്കുന്നു.

## ഗീതം 1

ഓശാന, ഓശാന
ദാവീദിൻ സുതനോശാന. (2)

സെഹിയോൻപുത്രീ, മോദം പൂണരുക
നിന്നുടെ നാഥനിതാ
പ്രതാപവാനായ് വരുന്നു വിണ്ണിൻ
കീർത്തനവീചികളിൽ. ഓശാന ...

വിനീതനായൊരു കഴുതക്കുഞ്ഞിൻ
പുറത്തെഴുന്നള്ളി
സൈത്തിൻ ചില്ലകൾ വിതറിയ വഴിയേ
വരുന്നു ദൈവസുതൻ. ഓശാന ...

നിരയായ് നീങ്ങും ബാലികമാരുടെ
കീർത്തനമുയരുമ്പോൾ
ബാലന്മാരുടെ കൈയിൽ ചില്ലകൾ
താളം തുള്ളുന്നു. ഓശാന ...

ഓശാനകളാലാഴിചലിക്കു-
ന്നംബരമുണരുന്നു;
സ്വരവീചികളാലവനീവാസികൾ
പുളകം കൊള്ളുന്നു. ഓശാന ...

## ഗീതം 2

ഓശാന, ഓശാന
ദാവീദിൻ സുതനോശാന.

കർത്താവിൻ തിരുനാമത്തിൽ
വന്നവനുന്നതനോശാന
ദൈവകുമാരകനോശാന
വാനവവീഥിയിലോശാന. ഓശാന ...

സൈത്തിൻ ചില്ലകൾ വിതറുകയായ്
ജയസ്വരവീചികളുയരുകയായ്
ബാലകനിരയുടെ പാണികളിൽ
ചില്ലകൾ താളം തുള്ളുകയായ്. ഓശാന ...

വിനയാന്വിതനായ് ദൈവസുതൻ
വരുന്നു നഗരകവാടത്തിൽ
വാനവ മാനവ വൃന്ദങ്ങൾ
വിണ്ണിൻ നാഥനെ വാഴ്ത്തുകയായ്. ഓശാന ...

കീർത്തനവീചികളുയരുകയായ്
പാർത്തലമാർത്തുവിളിക്കുകയായ്
അംബരവീഥികളുണരുകയായ്
അംബുദവീഥികൾ തെളിയുകയായ്. ഓശാന ...

രാജാവാഗതനാകുംപോൾ
രക്ഷാനായകനണയുകയായ്
വിണ്ടലനാഥനെഴുന്നള്ളും
വേളയിൽ മോദം നിറയുകയായ്. ഓശാന ...

കഴുതക്കുഞ്ഞിൻ പുറമേറി
കരുണാരൂപൻ വന്നണയും
നിമിഷങ്ങളിലാ ജനവൃന്ദം
നിർവൃതി ജയ്‌വിളിയാക്കുകയായ്. ഓശാന ...

പ്രദക്ഷിണം ദൈവാലയത്തിന്റെ അടഞ്ഞുകിടക്കുന്ന പ്രധാന കവാടത്തിലെത്തുമ്പോൾ കാർമികൻ സ്വരമുയർത്തി പറയുന്നു:

**കാർമി.** വാതിലുകളേ, ശിരസ്സുയർത്തുവിൻ;
നിത്യകവാടങ്ങളേ, തുറക്കുവിൻ;
മഹത്ത്വത്തിന്റെ രാജാവ് എഴുന്നള്ളുന്നു.

പ്രദക്ഷിണത്തിൽ സംവഹിക്കപ്പെടുന്ന കുരിശിന്റെ ചുവടുകൊണ്ട് കാർമികൻ വാതിലിൽ മുട്ടുന്നു.

**അകത്തുള്ളവർ:** ഈ മഹത്ത്വത്തിന്റെ രാജാവ് ആരാകുന്നു?

**പുറത്തുള്ളവർ:** പ്രതാപവാനും ശക്തനുമായ കർത്താവുതന്നെ.

ഇപ്രകാരം മൂന്നുപ്രാവശ്യം പറയുന്നു.

മൂന്നാം പ്രാവശ്യം വാതിലിൽ മുട്ടുമ്പോൾ വാതിൽ അകത്തുനിന്നു തുറക്കുന്നു. കാർമികനെയും ശുശ്രൂഷികളെയും അനുഗമിച്ച് എല്ലാവരും ദൈവാലയത്തിൽ പ്രവേശിക്കുന്നു.

ഈ സമയം ഗായകസംഘവും സമൂഹവുംചേർന്ന് താഴെ വരുന്ന ഗീതം ആലപിക്കുന്നു.

## ഗീതം

മഹേശ്വരാ, നിൻ സുദിനം കാണാൻ
കഴിഞ്ഞ കണ്ണിനു സൗഭാഗ്യം
മനോജ്ഞമാം നിൻ ഗീതികൾ പാടാൻ
കഴിഞ്ഞ നാവിനു സൗഭാഗ്യം.

നൂറുനൂറു കണ്ണുകൾ പണ്ടേ
അടഞ്ഞു നിന്നെക്കാണാതെ
നൂറുനൂറു മലരുകൾ പണ്ടേ
കൊഴിഞ്ഞുപോയീ കണ്ണീരിൽ. മഹേശ്വരാ ...

## മദ്ബഹാഗീതം (ഓനീസാ ദ്കങ്കേ)

(പുലരിയിൽ നിദ്രയുണർന്നങ്ങേ ...)

**ഗായക.I** കുറ്റമറ്റ പാതയിൽ ചരിക്കുന്നവർ അനുഗൃഹീതരാകുന്നു.

**സമൂ.** മിശിഹായോർശ്ലേം നഗരത്തിൽ
വന്നൂ കഴുതപ്പുറമേറി
അതുകണ്ടവരാം ബാലകരോ
ആനന്ദത്താൽ പുളകിതരായ്.

ഒലിവിൻ കൊമ്പുകൾ പേറിയിതാ
ബാലകരൊപ്പം ജനനിരകൾ
ഉദ്ഘോഷിച്ചൂ സാമോദം
ദാവീദിൻ സുതനോശാന

കർത്താവിൻ തിരുനാമത്തിൽ
വരുവോനുന്നതനെന്നാളും
വാഴ്ത്തപ്പെട്ടവനായണയും
ദാവീദിൻ സുതനോശാന.

ഗായക.II ഹൃദയശുദ്ധിയുള്ളവർ അനുഗൃഹീതരാകുന്നു.

സമൂ. മിശിഹായോർശ്ലേം നഗരത്തിൽ ...

ഗായക.I പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ഒലിവിൻ കൊമ്പുകൾ വീശുന്നൂ
തപ്പുകൾ കൊട്ടിപ്പാടുന്നൂ
ബാലകരൊന്നായ് ദാവീദിൻ
പുത്രനു സ്വാഗതമോതുന്നു.
അവരുടെയാരവമുയരത്തിൽ
മാലാഖമാർ കേൾക്കുന്നൂ
ഒരുമയൊടവരുദ്ഘോഷിപ്പൂ:
'ഉന്നതവീഥിയിലോശാന'.
രക്ഷാകരമാം സ്ലീവാതൻ
നിസ്തുലശക്തി വിശേഷത്താൽ
ഞങ്ങൾ ജയിച്ചിടുമനുനിമിഷം
ദുഷ്ടനെയവനുടെ കെണികളെയും.

ഗായക.II ആദിമുതൽ എന്നേക്കും, ആമ്മേൻ.

സമൂ. ഒലിവിൻ കൊമ്പുകൾ വീശുന്നൂ ...

ശുശ്രൂഷികൾ ധൂപകലശവും കുന്തുരുക്കവും കൊണ്ടുവരുന്നു. കാർമികൻ ധൂപകലശത്തിൽ മൂന്നു പ്രാവശ്യം കുന്തുരുക്കമിട്ട് താഴെവരുന്ന പ്രാർഥന താഴ്ന്നസ്വരത്തിൽ ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്നു.

കാർമി. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, അങ്ങയുടെ ബഹുമാനത്തിനായി ഞങ്ങൾ സമർപ്പിക്കുന്ന ഈ ധൂപം അങ്ങയുടെ മഹനീയത്രിത്വത്തിന്റെ നാമത്തിൽ ✠ ആശീർവദിക്കപ്പെടട്ടെ. ഇത് അങ്ങയുടെ പ്രസാദത്തിനും അങ്ങയുടെ അജഗണത്തിന്റെ പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ, എന്നേക്കും.

ശുശ്രൂ. ആമ്മേൻ.

ശുശ്രൂ. സമാധാനം നമ്മോടുകൂടെ.

കാർമി. ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ സ്നേഹത്തിന്റെ പരിമളം ഞങ്ങളിൽ വീശുകയും അങ്ങയുടെ സത്യത്തിന്റെ ജ്ഞാനം ഞങ്ങളുടെ ആത്മാക്കളെ പ്രകാശിപ്പിക്കുകയും ചെയ്യുമ്പോൾ, സ്വർഗത്തിൽനിന്നു പ്രത്യക്ഷനാകുന്ന അങ്ങയുടെ തിരുക്കുമാരനെ സ്വീകരിക്കാൻ ഞങ്ങൾക്ക് ഇടയാകട്ടെ. സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞ് മുടിചൂടി നില്ക്കുന്ന സഭയിൽ നിരന്തരം അങ്ങയെ സ്തുതിക്കാനും മഹത്ത്വപ്പെടുത്താനും ഞങ്ങൾ യോഗ്യരാകട്ടെ. എന്തുകൊണ്ടെന്നാൽ, അങ്ങ് എല്ലാറ്റിന്റെയും സ്രഷ്ടാവാകുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

ഗായക. സമൂ. സർവാധിപനാം കർത്താവേ,
നിൻസ്തുതി ഞങ്ങൾ പാടുന്നു
ഈശോനാഥാ, വിനയമൊടെ
നിന്നെ നമിച്ചു പുകഴ്ത്തുന്നു.

മർത്ത്യനു നിത്യമഹോന്നതമാം
ഉത്ഥാനം നീയരുളുന്നു
അക്ഷയമവനുടെയാത്മാവി-
ന്നുത്തമരക്ഷയുമേകുന്നു.

വചന വേദിയിലുള്ളവർ മരച്ചില്ലകളേന്തി പ്രദക്ഷിണമായി
ബലിപീഠത്തിങ്കലേക്കു നീങ്ങുവിൻ.

സർവാധിപനാം ...

ഗായക. സമൂ. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും, ആമ്മേൻ.

സർവാധിപനാം ...

(അല്ലെങ്കിൽ)

ഗായക. സമൂ. സകലത്തിന്റെയും നാഥാ, നിന്നെ ഞങ്ങൾ സ്തുതിക്കുന്നു;
ഈശോമിശിഹായേ, നിന്നെ ഞങ്ങൾ പുകഴ്ത്തുന്നു.
എന്തുകൊണ്ടെന്നാൽ,
നീ ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും
ആത്മാക്കളെ രക്ഷിക്കുന്നവനുമാകുന്നു.

വചന വേദിയിലുള്ളവർ മരച്ചില്ലകളേന്തി പ്രദക്ഷിണമായി
ബലിപീഠത്തിങ്കലേക്കു നീങ്ങുവിൻ.

സകലത്തിന്റെയും നാഥാ, ...

ഗായക. സമൂ. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും, ആമ്മേൻ.

സകലത്തിന്റെയും നാഥാ, ...

ശുശ്രൂ. നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമി. എന്റെ കർത്താവേ, നീ സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും, ആത്മാക്കളെ രക്ഷിക്കുന്നവനും ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. ഞങ്ങൾ എപ്പോഴും നിനക്കു സ്തുതിയും കൃതജ്ഞതയും ആരാധനയും സമർപ്പിക്കാൻ കടപ്പെട്ടവരാകുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

ശുശ്രൂ. ശബ്ദമുയർത്തിപ്പാടിടുവിൻ
സർവരുമൊന്നായ് പാടിടുവിൻ
എന്നെന്നും ജീവിക്കും
സർവേശ്വരനെ വാഴ്ത്തിടുവിൻ.

ഗായക. സമൂ. പരിപാവനനാം സർവേശാ,
പരിപാവനനാം ബലവാനേ,
പരിപാവനനാം അമർത്ത്യനേ,
കാരുണ്യം നീ ചൊരിയണമേ.

വചനവേദിയിലുള്ളവർ പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
പരിപാവനനാം സർവേശാ, ...

ഗായക. സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

പരിപാവനനാം സർവേശാ, ...

(അല്ലെങ്കിൽ)

ശുശ്രൂ. സഹോദരരേ, നിങ്ങൾ സ്വരമുയർത്തി
ജീവിക്കുന്ന ദൈവത്തെ പ്രകീർത്തിക്കുവിൻ.

ഗായക. സമൂ. പരിശുദ്ധനായ ദൈവമേ,
പരിശുദ്ധനായ ബലവാനേ,
പരിശുദ്ധനായ അമർത്ത്യനേ,
ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

വചനവേദിയിലുള്ളവർ പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
പരിശുദ്ധനായ ദൈവമേ, ...

ഗായക. സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.
പരിശുദ്ധനായ ദൈവമേ, ...

ശുശ്രൂ. നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമി. വിശുദ്ധരിൽ സംപ്രീതനായി വസിക്കുന്ന പരിശുദ്ധനും സ്തുത്യർഹനും ബലവാനും അമർത്ത്യനുമായ കർത്താവേ, അങ്ങയുടെ സ്വഭാവത്തിനൊത്തവിധം എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും ഞങ്ങളോടു കരുണ കാണിക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ.

## ഒന്നാം വായന

ഒന്നാം വായനക്കാരൻ വലത്തുവശത്തുള്ള പ്രഘോഷണ പീഠത്തിങ്കൽചെന്ന് പഴയനിയമപ്രഘോഷണഗ്രന്ഥം എടുക്കുന്നു. ജനങ്ങൾക്കഭിമുഖമായിനിന്നു പറയുന്നു.

**ശുശ്രൂ.** സഹോദരരേ, നിങ്ങൾ ഇരുന്നു ശ്രദ്ധയോടെ കേൾക്കുവിൻ.

സമൂഹം ഇരിക്കുന്നു.

ഉത്പത്തിയുടെ പുസ്തകത്തിൽനിന്നുള്ള വായന.
(49, 8-12; 22-26)

കാർമികനുനേരേ തിരിഞ്ഞ്, തലകുനിച്ച്, ആശീർവാദം യാചിക്കുന്നു.

കർത്താവേ, ആശീർവദിക്കണമേ.

താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്നു.

**കാർമി.** തന്റെ പ്രബോധനത്താൽ നമ്മെ ജ്ഞാനികളാക്കുന്ന സകലത്തിന്റെയും നാഥനായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. അവിടത്തെ കൃപ നിന്നിലും ✠ നിന്നെ കേൾക്കുന്നവരിലും നിരന്തരം വർഷിക്കപ്പെടട്ടെ.

(അല്ലെങ്കിൽ)

ദൈവം ✠ അനുഗ്രഹിക്കട്ടെ.

കാർമികനും വചനവേദിയിലുള്ളവരും ഇരിക്കുന്നു. വായനക്കാരൻ ജനങ്ങൾക്കഭിമുഖമായിനിന്നു വായിക്കുന്നു.

**ശുശ്രൂ.** യൂദാ, നിന്റെ സഹോദരന്മാർ നിന്നെ പുകഴ്ത്തും, നിന്റെ കൈ ശത്രുക്കളുടെ കഴുത്തിൽ പതിക്കും. നിന്റെ പിതാവിന്റെ പുത്രന്മാർ നിന്റെ മുമ്പിൽ കുമ്പിടും. യൂദാ ഒരു സിംഹക്കുട്ടിയാണ്. എന്റെ മകനേ, നീ ഇരയിൽനിന്നു മടങ്ങിയിരിക്കുന്നു. അവൻ ഒരു സിംഹത്തെപ്പോലെയും സിംഹിയെപ്പോലെയും പതുങ്ങിക്കിടന്നു വിശ്രമിക്കുന്നു. അവനെ ഉണർത്താൻ ആർക്കു ധൈര്യമുണ്ടാകും? ചെങ്കോൽ യൂദായെ വിട്ടുപോകയില്ല; അതിന്റെ അവകാശി വന്നുചേരുംവരെ അധികാരദണ്ഡ് അവന്റെ സന്തതികളിൽനിന്നു നീങ്ങിപ്പോകയില്ല. ജനതകൾ അവനെ അനുസരിക്കും. അവൻ തന്റെ കഴുതയെ മുന്തിരിവള്ളിയിലും കഴുതക്കുട്ടിയെ വിശിഷ്ടമായ മുന്തിരിച്ചെടിയിലും കെട്ടിയിടും; തന്റെ ഉടുപ്പു വീഞ്ഞിലും മേലങ്കി മുന്തിരിച്ചാറിലും കഴുകും. അവന്റെ കണ്ണുകൾ വീഞ്ഞിനെക്കാൾ ചെമന്നും പല്ലുകൾ പാലിനെക്കാൾ വെളുത്തുമിരിക്കും.

നീരുറവയ്ക്കരികേ നില്ക്കുന്ന ഫലസമൃദ്ധമായ വൃക്ഷമാണു ജോസഫ്. അതിന്റെ ശാഖകൾ മതിലിനു മീതേ പടർന്നു നിൽക്കുന്നു. വില്ലാളികൾ അവനെ കഠിനമായി വേദനിപ്പിച്ചു. അവർ അവനുനേരേ അമ്പെയ്യുകയും അവനെ ഞെരുക്കുകയും ചെയ്തു. എന്നാൽ, അവന്റെ വില്ല് ഉറച്ചുനിന്നു. യാക്കോബിന്റെ ശക്തനായ ദൈവം - ഇസ്രായേലിന്റെ പാറയായ ഇടയൻ - തന്റെ കൈകൾകൊണ്ട് അവന്റെ കൈകളെ ശക്തിപ്പെടുത്തി. നിന്റെ പിതാവിന്റെ

ദൈവം നിനക്കു തുണയായിരിക്കും. സർവശക്തനായ ദൈവം നിന്നെ അനുഗ്രഹിക്കും. മുകളിലുള്ള ആകാശ ത്തിന്റെയും കീഴിലുള്ള ആഴത്തിന്റെയും, ഉദരത്തിന്റെയും മാറിടത്തിന്റെയും അനുഗ്രഹങ്ങൾ നിനക്കുണ്ടാവട്ടെ! നിന്റെ പിതാവിന്റെ അനുഗ്രഹങ്ങൾ നിത്യപർവതങ്ങളുടെ ഔദാര്യ ത്തെക്കാളും ശാശ്വത ഗിരികളുടെ അനുഗ്രഹങ്ങളെക്കാളും ശക്തങ്ങളാണ്. അവ ജോസഫിന്റെ ശിരസ്സിൽ, തന്റെ സഹോദരരിൽനിന്നു വേർപെട്ടിരുന്നവന്റെ മൂർധാവിൽ വർഷിക്കപ്പെടട്ടെ.

## രണ്ടാം വായന

ശുശ്രൂ. സഹോദരരേ, നിങ്ങൾ ശ്രദ്ധയോടെ കേൾക്കുവിൻ. സഖറിയായുടെ പുസ്തകത്തിൽനിന്നുള്ള വായന.

(9, 9-12)

കാർമികനുനേരേ തിരിഞ്ഞ്, തലകുനിച്ച്, ആശീർവാദം യാചിക്കുന്നു.

കർത്താവേ, ആശീർവദിക്കണമേ.

താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്നു.

കാർമി. തന്റെ പ്രബോധനത്താൽ നമ്മെ ജ്ഞാനികളാക്കുന്ന സകലത്തിന്റെയും നാഥനായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. അവിടത്തെ കൃപ നിന്നിലും ✠ നിന്നെ കേൾക്കുന്നവരിലും നിരന്തരം വർഷിക്കപ്പെടട്ടെ.

(അല്ലെങ്കിൽ)

ദൈവം ✠ അനുഗ്രഹിക്കട്ടെ.

വായനക്കാരൻ ജനങ്ങൾക്കഭിമുഖമായിനിന്നു വായിക്കുന്നു.

ശുശ്രൂ. സീയോൻ പുത്രീ, അതിയായി ആനന്ദിക്കുക. ജറുസലെം പുത്രീ, ആർപ്പുവിളിക്കുക. ഇതാ, നിന്റെ രാജാവ് നിന്റെ അടുക്കലേക്കു വരുന്നു. അവൻ പ്രതാപവാനും ജയശാലിയുമാണ്. അവൻ വിനയാന്വിതനായി, കഴുതപ്പുറത്ത്, കഴുതക്കുട്ടിയുടെ പുറത്ത്, കയറിവരുന്നു. ഞാൻ എഫ്രായിമിൽനിന്നു രഥത്തെയും ജറുസലെമിൽനിന്നു പടക്കുതിരയെയും വിച്ഛേദിക്കും. പടവില്ല് ഞാൻ ഒടിക്കും. അവൻ ജനതകൾക്കു സമാധാനം അരുളും. അവന്റെ ആധിപത്യം സമുദ്രം മുതൽ സമുദ്രം വരെയും നദി മുതൽ ഭൂമിയുടെ അറ്റം വരെയും ആയിരിക്കും. നീയുമായുള്ള എന്റെ ഉടമ്പടിയുടെ രക്തം നിമിത്തം പ്രവാസികളെ ഞാൻ ജലരഹിതമായ കുഴിയിൽനിന്നു സ്വതന്ത്രരാക്കും. പ്രത്യാ ശയുടെ തടവുകാരേ, നിങ്ങളുടെ രക്ഷാദുർഗത്തിലേക്കു മടങ്ങിപ്പോകുവിൻ. നിങ്ങൾക്ക് ഇരട്ടി മടക്കിത്തരുമെന്നു ഞാൻ പ്രഖ്യാപിക്കുന്നു.

സമൂ. ദൈവമായ കർത്താവിനു സ്തുതി.

ശുശ്രൂ. പ്രകീർത്തനം ആലപിക്കാനായി നിങ്ങൾ
എഴുന്നേല്ക്കുവിൻ.

## പ്രകീർത്തനം (ശൂറായ)

കാർമി. സർവചരാചരവും
ദൈവമഹത്വത്തെ
വാഴ്ത്തിപ്പാടുന്നു.
തരുനിരയെല്ലാം ദൈവത്തിൻ
സ്തുതിഗീതങ്ങളുയർത്തട്ടെ.
ഓശാനകളാലീസുദിനം
ഹല്ലേലൂയ്യാ പാടുക നാം
വാഴ്ത്തീടാം നിത്യം തിരുനാമം.

ശുശ്രൂ.II ജനതകളവിടത്തെ
മഹിമകൾ പാടുന്നു
താണുവണങ്ങുന്നു.

സമൂ. തരുനിരയെല്ലാം ദൈവത്തിൻ ...

കാർമി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

സമൂ. തരുനിരയെല്ലാം ദൈവത്തിൻ ...

ശുശ്രൂ.I ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും, ആമ്മേൻ.

സമൂ. തരുനിരയെല്ലാം ദൈവത്തിൻ ...

ശുശ്രൂ. ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ.
നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമി. ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ ജീവദായകവും ദൈവികവുമായ കല്പനകളുടെ മധുരസ്വരം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കണമേ. അതുവഴി ആത്മശരീരങ്ങൾക്കുപകരിക്കുന്ന സ്നേഹവും ശരണവും രക്ഷയും ഞങ്ങളിൽ ഫലമണിയുന്നതിനും നിരന്തരം ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നതിനും അങ്ങയുടെ കാരുണ്യത്താലും അനുഗ്രഹത്താലും ഞങ്ങളെ സഹായിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ.

## ലേഖനം

ഒന്നാം ശുശ്രൂഷി ഇടത്തുവശത്തുള്ള പ്രഘോഷണ പീഠത്തിങ്കൽ ചെന്ന് ലേഖനഗ്രന്ഥം എടുത്തു ജനങ്ങൾക്ക് അഭിമുഖമായിനിന്നു പറയുന്നു.

ശുശ്രൂ. സഹോദരരേ, പൗലോസ് ശ്ലീഹാ റോമായിലെ സഭയ്ക്ക് എഴുതിയ ലേഖനം. (11, 13-24)

കാർമികനുനേരേ തിരിഞ്ഞ്, തലകുനിച്ച്, ആശീർവാദം യാചിക്കുന്നു.

കർത്താവേ, ആശീർവദിക്കണമേ.

താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്നു.

കാർമി. മിശിഹാ തന്റെ വിശുദ്ധമായ പ്രബോധനത്താൽ നിന്നെ ജ്ഞാനിയാക്കട്ടെ. നിന്റെ അധരങ്ങളിൽനിന്നു പുറപ്പെടുന്ന പ്രബോധകവചനം ശ്രവിക്കുന്ന ഏവർക്കും അവിടന്നു തന്റെ കൃപാതിരേകത്താൽ നിന്നെ നിർമലദർപ്പണമാക്കുകയും ✠ ചെയ്യട്ടെ.

(അല്ലെങ്കിൽ)

മിശിഹാ ✠ അനുഗ്രഹിക്കട്ടെ.

ശുശ്രൂഷി ജനങ്ങൾക്കഭിമുഖമായി നിന്നു വായിക്കുന്നു.

ശുശ്രൂ. വിജാതീയരായ നിങ്ങളോടു ഞാൻ പറയുകയാണ്: വിജാതീയരുടെ അപ്പസ്തോലൻ എന്ന നിലയ്ക്ക് എന്റെ ശുശ്രൂഷയെ ഞാൻ പ്രശംസിക്കുന്നു. അതുവഴി എന്റെ കൂട്ടരായ യഹൂദരെ അസൂയാകുലരാക്കാനും, അങ്ങനെ അവരിൽ കുറേപ്പേരെയെങ്കിലും രക്ഷിക്കാനും എനിക്ക് ഇടയാകുമല്ലോ. എന്തുകൊണ്ടെന്നാൽ, അവരുടെ തിരസ്കാരം ലോകത്തിന്റെ അനുരഞ്ജനമായെങ്കിൽ അവരുടെ സ്വീകാരം മൃതരിൽ നിന്നുള്ള ജീവനല്ലാതെ മറ്റെന്തായിരിക്കും?

ധാന്യമാവിൽനിന്ന് ആദ്യഫലമായി സമർപ്പിക്കപ്പെട്ടതു പരിശുദ്ധമെങ്കിൽ അതു മുഴുവൻ പരിശുദ്ധമാണ്. വേര് പരിശുദ്ധമെങ്കിൽ ശാഖകളും അങ്ങനെതന്നെ. ഒലിവുമരത്തിന്റെ ശാഖകളിൽ ചിലതു മുറിച്ചു കളഞ്ഞിട്ട്, കാട്ടൊലിവിന്റെ മുളയായ നിന്നെ അവിടെ ഒട്ടിക്കുകയും വേരിൽനിന്നു വരുന്ന ജീവരസം നീ പങ്കുപറ്റുകയും ചെയ്യുന്നെങ്കിൽ, നീ ആ ശാഖകളെക്കാൾ വലിയവനാണ് എന്ന് അഭിമാനിക്കരുത്. അഭിമാനിക്കുന്നെങ്കിൽ, നീ വേരിനെ താങ്ങുകയല്ല, വേരു നിന്നെ താങ്ങുകയാണ് എന്ന് ഓർത്തുകൊള്ളുക. എന്നെ ഒട്ടിച്ചു ചേർക്കേണ്ടതിനാണ്

ശാഖകൾ മുറിക്കപ്പെട്ടത് എന്നു നീ പറഞ്ഞേക്കാം. അതു ശരിതന്നെ. അവരുടെ അവിശ്വാസം നിമിത്തം അവർ വിച്ഛേദിക്കപ്പെട്ടു; എന്നാൽ, നീ വിശ്വാസംവഴി ഉറച്ചുനില്ക്കുന്നു. ആകയാൽ, അഹങ്കാരം വെടിഞ്ഞ് ഭയത്തോടെ വർത്തിക്കുക. എന്തെന്നാൽ, സ്വാഭാവിക ശാഖകളോടു ദൈവം ദാക്ഷിണ്യം കാണിക്കാത്ത നിലയ്ക്ക് നിന്നോടും കാണിക്കുകയില്ല. അതുകൊണ്ട്, ദൈവത്തിന്റെ കാരുണ്യവും കാഠിന്യവും നിന്റെ ശ്രദ്ധയിലിരിക്കട്ടെ. വീണവനോടു കാഠിന്യവും, ദൈവത്തിന്റെ കൃപയിൽ നിലനിന്നാൽ നിന്നോടു കാരുണ്യവും അവിടന്നു കാണിക്കും. അല്ലെങ്കിൽ, നീയും മുറിച്ചു നീക്കപ്പെടും. തങ്ങളുടെ അവിശ്വാസത്തിൽ തുടരാത്തപക്ഷം അവരും ഒട്ടിച്ചുചേർക്കപ്പെടും. അവരെ വീണ്ടും ഒട്ടിച്ചുചേർക്കാൻ ദൈവത്തിനു കഴിയും. വനത്തിലെ ഒലിവുമരത്തിൽനിന്നു നീ മുറിച്ചെടുക്കപ്പെട്ടു; കൃഷിസ്ഥലത്തെ നല്ല ഒലിവിൻമേൽ പ്രകൃതിസഹജമല്ലാത്തവിധം ഒട്ടിക്കപ്പെടുകയും ചെയ്തു. അങ്ങനെയെങ്കിൽ, ഈ സ്വാഭാവികശാഖകൾ അവയുടെ തായ്തണ്ടിൽ വീണ്ടും ഒട്ടിക്കപ്പെടുക എത്രയോ യുക്തം.

**സമൂ.** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

ശുശ്രൂഷികൾ ധൂപകലശവും കുന്തുരുക്കവും കൊണ്ടുവരുന്നു. കാർമികൻ ധൂപകലശത്തിൽ കുന്തുരുക്കമിട്ട് താഴെവരുന്ന പ്രാർഥന ചൊല്ലി ധൂപം ആശീർവദിക്കുന്നു.

**കാർമി.** എന്റെ കർത്താവേ, പാപിനിയായ മറിയം നിന്റെ ശിരസ്സിൽ സുഗന്ധതൈലം പൂശിയപ്പോൾ നിന്നിൽനിന്നു പ്രസരിച്ച ഹൃദ്യമായ പരിമളം ഈ ധൂപത്തോടുകൂടെ ✠ കലരുമാറാകട്ടെ. നിന്റെ ബഹുമാനത്തിനും ഞങ്ങളുടെ കടങ്ങളുടെയും പാപങ്ങളുടെയും മോചനത്തിനുമായി ഈ ധൂപം ഞങ്ങൾ സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**ശുശ്രൂ.** ആമ്മേൻ.

**ശുശ്രൂ.** ഹല്ലേലുയ്യാ. (3)

തുടർന്ന്, രണ്ടു ഗണമായി ഹല്ലേലുയ്യാഗീതം (സുമാറ) ആലപിക്കുന്നു.

## ഹല്ലേലുയ്യാഗീതം (സൂമാറ)

**ഗായക.** ഹല്ലേലുയ്യാ പാടിടുന്നേൻ
**സമൂ.** ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.

എത്രമനോജ്ഞം നിൻ തിരുനാമം
കർത്താവേ ഈ ഭൂമിയിലെങ്ങും.

നിന്റെ മഹത്ത്വം വാനിനുമീതേ
കീർത്തിതമാണെന്നറിവൂ ഞങ്ങൾ.

നിന്നുടെ ചിന്തയിലെത്താൻ മാത്രം
എന്തൊരുമേന്മ മനുഷ്യനിലുള്ളൂ.

താതനുമതുപോൽസുതനും
പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.

ആദിമുതല്ക്കേയിന്നും നിത്യവു-
മായി ഭവിച്ചീടട്ടെ, ആമ്മേൻ.

ഹല്ലേലൂയ്യാ പാടീടുന്നേൻ
ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ.

കാർമികൻ താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

**കാർമി.** പിതാവിന്റെ മഹത്ത്വത്തിന്റെ തേജസ്സും അവിടത്തെ പ്രതിരൂപവുമായ മിശിഹായേ, മനുഷ്യശരീരത്തോടെ പ്രത്യക്ഷപ്പെടുകയും ഞങ്ങളുടെ ഇരുളടഞ്ഞ ബുദ്ധിയെ സുവിശേഷവെളിച്ചത്താൽ പ്രകാശിപ്പിക്കുകയും ചെയ്ത നിനക്കു ഞങ്ങൾ എപ്പോഴും ആരാധനയും സ്തുതിയും കൃതജ്ഞതയും സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും. ആമ്മേൻ.

തിരിക്കാലുകൾ, ധൂപകലശം, സ്ലീവ എന്നിവ വഹിക്കുന്നവരോടുകൂടെ കാർമികൻ ബലിപീഠത്തെ സമീപിച്ച് താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട്, സുവിശേഷ ഗ്രന്ഥമെടുക്കുന്നു.

**കാർമി.** ലോകത്തിന്റെ പ്രകാശവും സകലത്തിന്റെയും ജീവനുമായ മിശിഹായേ, നിന്നെ ഞങ്ങളുടെ പക്കലേക്കയച്ച അനന്ത കാരുണ്യത്തിന് എന്നേക്കും സ്തുതി. ആമ്മേൻ.

കാർമികൻ ബലിപീഠത്തെ സമീപിച്ചു സുവിശേഷ ഗ്രന്ഥമെടുത്ത്, നെറ്റിവരെ ഉയർത്തിപ്പിടിക്കുന്നു. ധൂപകലശം, സ്ലീവ, കത്തിച്ച തിരികൾ ഇവ വഹിക്കുന്നവർ മുമ്പെയും കാർമികൻ പിമ്പെയും പ്രദക്ഷിണമായി വചനവേദിയിലേക്കു പോകുന്നു. തത്സമയം കാർമികൻ താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

**കാർമി.** കർത്താവായ മിശിഹായേ, നിന്റെ നിയമത്തിൽ ഞങ്ങളെ ജ്ഞാനികളാക്കണമേ. നിന്റെ ജ്ഞാനത്താൽ ഞങ്ങളുടെ മനസ്സിനെ ജ്വലിപ്പിക്കണമേ. നിന്റെ സത്യത്താൽ ഞങ്ങളുടെ ആത്മാക്കളെ വിശുദ്ധീകരിക്കണമേ. അങ്ങനെ, ഞങ്ങൾ എപ്പോഴും നിന്റെ വചനങ്ങൾ പാലിക്കുന്നവരും കല്പനകൾ അനുസരിക്കുന്നവരുമാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും. ആമ്മേൻ.

പ്രദക്ഷിണം വചനവേദിയിലെത്തുമ്പോൾ

**ശുശ്രൂ.** നമുക്കു ശ്രദ്ധാപൂർവ്വംനിന്നു
പരിശുദ്ധ സുവിശേഷം ശ്രവിക്കാം.

സുവിശേഷഗ്രന്ഥംകൊണ്ടു ജനങ്ങളെ ആശീർവദിക്കുമ്പോൾ

**കാർമി.** സമാധാനം ✠ നിങ്ങളോടുകൂടെ.

**സമൂ.** അങ്ങയോടും അങ്ങയുടെ ആത്മാവോടുംകൂടെ.

**കാർമി.** വിശുദ്ധ മത്തായി അറിയിച്ച
നമ്മുടെ കർത്താവീശോമിശിഹായുടെ
പരിശുദ്ധ സുവിശേഷം. (21, 1-17)

**സമൂ.** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

**കാർമി.** അവർ ജറുസലേമിനെ സമീപിക്കവേ, ഒലിവുമലയ്ക്കരികെയുള്ള ബഥ്ഫഗെയിലെത്തി. അപ്പോൾ ഈശോ തന്റെ രണ്ടു ശിഷ്യന്മാരെ ഇപ്രകാരം നിർദേശിച്ചയച്ചു: എതിരേ കാണുന്ന ഗ്രാമത്തിലേക്കു പോകുവിൻ. അവിടെ ഒരു കഴുതയെയും അടുത്ത് അതിന്റെ കുട്ടിയെയും കെട്ടിയിരിക്കുന്നത് ഉടനെ നിങ്ങൾ കാണും. അവയെ അഴിച്ച് എന്റെ അടുക്കൽ കൊണ്ടുവരുക. ആരെങ്കിലും നിങ്ങളോട് എന്തെങ്കിലും ചോദിച്ചാൽ, കർത്താവിന് അവയെക്കൊണ്ട് ആവശ്യമുണ്ടെന്നു പറയുക; അവൻ ഉടനെതന്നെ അവയെ വിട്ടുതരും. പ്രവാചകൻവഴി പറയപ്പെട്ട വചനം പൂർത്തിയാകാനാണ് ഇതു സംഭവിച്ചത്. സീയോൻ പുത്രിയോടു പറയുക: ഇതാ, നിന്റെ രാജാവ് വിനയാന്വിതനായി കഴുതയുടെയും കഴുതക്കുട്ടിയുടെയും പുറത്ത് നിന്റെ അടുത്തേക്കു വരുന്നു. ശിഷ്യന്മാർപോയി ഈശോ കല്പിച്ചതുപോലെ ചെയ്തു.

അവർ കഴുതയെയും കഴുതക്കുട്ടിയെയും കൊണ്ടുവന്ന് അവയുടെമേൽ വസ്ത്രങ്ങൾ വിരിച്ചു. അവൻ കയറി ഇരുന്നു. ജനക്കൂട്ടത്തിൽ വളരെപ്പേർ വഴിയിൽ തങ്ങളുടെ വസ്ത്രങ്ങൾ വിരിച്ചു; മറ്റു ചിലരാകട്ടെ, വൃക്ഷങ്ങളിൽനിന്നു ചില്ലകൾ മുറിച്ച് വഴിയിൽ നിരത്തി. ഈശോയുടെ മുമ്പിലും പിമ്പിലും നടന്നിരുന്ന ജനങ്ങൾ ആർത്തുവിളിച്ചു: ദാവീദിന്റെ പുത്രനു ഹോസാന! കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ! ഉന്നതങ്ങളിൽ ഹോസാന! അവൻ ജറുസലേമിൽ പ്രവേശിച്ചപ്പോൾ നഗരം മുഴുവൻ ഇളകിവശായി, ആരാണിവൻ എന്നു ചോദിച്ചു. ജനക്കൂട്ടം പറഞ്ഞു: ഇവൻ ഗലീലിയിലെ നസറത്തിൽ നിന്നുള്ള പ്രവാചകനായ ഈശോയാണ്.

ഈശോ ദൈവാലയത്തിൽ പ്രവേശിച്ച് അവിടെ ക്രയവിക്രയം ചെയ്തുകൊണ്ടിരുന്നവരെയെല്ലാം പുറത്താക്കി. നാണയമാറ്റക്കാരുടെ മേശകളും പ്രാവുവിൽപനക്കാരുടെ ഇരിപ്പിടങ്ങളും അവൻ തട്ടിമറിച്ചിട്ടു. അവൻ അവരോടു പറഞ്ഞു: എന്റെ ഭവനം പ്രാർഥനാലയം എന്നു വിളിക്കപ്പെടും എന്ന് എഴുതപ്പെട്ടിരിക്കുന്നു. നിങ്ങളോ, അതു കവർച്ചക്കാരുടെ ഗുഹയാക്കുന്നു.

അന്ധന്മാരും മുടന്തന്മാരും ദൈവാലയത്തിൽ അവന്റെ അടുത്തെത്തി. അവൻ അവരെ സുഖപ്പെടുത്തി. അവൻ ചെയ്ത വിസ്മയകരമായ പ്രവൃത്തികളെയും ദാവീദിന്റെ പുത്രനു ഹോസാന എന്ന് ഉദ്ഘോഷിച്ച് ദൈവാലയത്തിൽ ആർപ്പുവിളിക്കുന്ന കുട്ടികളെയും കണ്ടപ്പോൾ പ്രധാന പുരോഹിതന്മാരും നിയമജ്ഞരും രോഷാകുലരായി. അവർ അവനോടു പറഞ്ഞു: ഇവരെന്താണു പറയുന്നതെന്ന് നീ കേൾക്കുന്നില്ലേ? ഈശോ പ്രതിവചിച്ചു: ഉവ്വ്; ശിശുക്കളുടെയും മുലകുടിക്കുന്നവരുടെയും അധരങ്ങളിൽ നീ സ്തുതി ഒരുക്കി എന്ന് നിങ്ങൾ ഒരിക്കലും വായിച്ചിട്ടില്ലേ? അനന്തരം അവൻ അവരെ വിട്ട് നഗരത്തിൽനിന്ന് ബഥാനിയായിലേക്കു പോയി അവിടെ താമസിച്ചു.

**സമൂ.** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

## വചനസന്ദേശം

കുരുത്തോല വെഞ്ചരിപ്പും തുടർന്നുള്ള പ്രദക്ഷിണവും ഇവിടെ നടത്താവുന്നതാണ്.

## പ്രഘോഷണപ്രാർഥനകൾ (കാറോസൂസ)

**ശുശ്രൂ.** നമുക്കെല്ലാവർക്കും ഭക്തിയോടും സന്തോഷത്തോടുംകൂടെ നിന്ന്, വിനീതനായി ഓറെശ്ലേമിൽ പ്രവേശിച്ച മിശിഹായെ ധ്യാനിച്ചുകൊണ്ട്, 'ഓശാന പാടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു' എന്ന് ഏറ്റുപറയാം.

**സമൂ.** ഓശാന പാടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

**ശുശ്രൂ.** രക്ഷകനും നാഥനുമായി സകല ജനപദങ്ങളും അംഗീകരിക്കുകയും ഏറ്റുപറയുകയും ചെയ്യുന്ന മിശിഹായേ,

**സമൂ.** ഓശാന പാടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

**ശുശ്രൂ.** ഭൂമിയിൽ ദൈവസ്തുതികൾ ആലപിക്കുന്ന ഞങ്ങളെ, സ്വർഗത്തിൽ നിന്നെ മഹത്ത്വപ്പെടുത്താൻ അനുഗ്രഹിക്കുന്ന മിശിഹായേ,

**സമൂ.** ഓശാന പാടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

ശുശ്രൂ. കഴുതക്കുട്ടിയുടെ പുറത്ത് ജറുസലേം ദൈവാലയത്തിലേക്ക് എഴുന്നള്ളി വിനയത്തിന്റെയും എളിമയുടെയും മാതൃക ഞങ്ങളെ പഠിപ്പിച്ച മിശിഹായേ,

സമൂ. ഓശാന പാടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

ശുശ്രൂ. ഹെബ്രായപൈതങ്ങളുടെ സ്തുതിഗീതങ്ങൾ സ്വീകരിച്ച് അവരെ അനുഗ്രഹിച്ച മിശിഹായേ,

സമൂ. ഓശാന പാടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

ശുശ്രൂ. പൂർവപിതാക്കന്മാരോടു ചെയ്ത വാഗ്ദാനങ്ങൾ നിറവേറ്റിക്കൊണ്ട് പ്രവചനങ്ങളുടെ പൂർത്തീകരണമായിത്തീർന്ന മിശിഹായേ,

സമൂ. ഓശാന പാടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

ശുശ്രൂ. മിശിഹായുടെ സഭ മുഴുവന്റെയും തലവനായ ഞങ്ങളുടെ പരിശുദ്ധ പിതാവു മാർ (പേര്) പാപ്പായെയും ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും അവരുടെ സഹശുശ്രൂഷികളെയും അനുഗ്രഹിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന മിശിഹായേ,

സമൂ. ഓശാന പാടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

ശുശ്രൂ. ഞങ്ങളെ എല്ലാവരെയും രക്ഷിക്കുകയും നിന്റെ ശാന്തിയും സമാധാനവും ഞങ്ങളിൽ വർധിപ്പിക്കുകയും ചെയ്യുന്ന മിശിഹായേ,

സമൂ. ഓശാന പാടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

ശുശ്രൂ. നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

കാർമി. സ്വർഗത്തിന്റെയും ഭൂമിയുടെയും കർത്താവും രാജാവുമായ മിശിഹായേ, നിന്നെ ഞങ്ങൾ ആരാധിക്കുന്നു. നിന്റെ മരണത്തിലും ഉത്ഥാനത്തിലും പങ്കുചേരാനും മാനസാന്തരത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കാനും ഞങ്ങളെ അനുഗ്രഹിക്കണമേ. ഭൂമിയിൽ നിനക്ക് ഓശാനഗീതികൾ ആലപിക്കുന്ന ഞങ്ങളെ നിത്യമഹത്ത്വത്തിൽ പ്രവേശിപ്പിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

ശുശ്രൂ. കർത്താവേ, ആശീർവദിക്കണമേ.
സഹോദരരേ, നിങ്ങൾ കൈവയ്പിനായി തലകുനിക്കുകയും ആശീർവാദം സ്വീകരിക്കുകയും ചെയ്യുവിൻ.

എല്ലാവരും തല കുനിക്കുന്നു. കാർമികൻ കുനിഞ്ഞുനിന്ന് താഴെവരുന്ന കൈവയ്പുപ്രാർഥന താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

കാർമി. കർത്താവേ, ശക്തനായ ദൈവമേ, അങ്ങയുടെ അഭിഷിക്തൻ കഠിനമായ പീഡകളനുഭവിച്ചു വീണ്ടെടുത്ത അജഗണമായ പരിശുദ്ധ കത്തോലിക്കാസഭ അങ്ങയുടേതാകുന്നു. ദൈവസ്വഭാവത്തിൽ അങ്ങുമായി ഒന്നായിരിക്കുന്ന പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ യഥാർഥ പൗരോഹിത്യത്തിന്റെ പദവികൾ കൈവയ്പുവഴി നല്കപ്പെടുന്നു. വിശ്വാസികൾക്ക് ആത്മീയശുശ്രൂഷ ചെയ്യുന്നതിനു പരിശുദ്ധമായ സഭാശരീരത്തിലെ സവിശേഷ അംഗങ്ങളാകാൻ നിസ്സാരരും ബലഹീനരുമായ ഞങ്ങളെ അങ്ങു കാരുണ്യാതിരേകത്താൽ യോഗ്യരാക്കി. കർത്താവേ, അങ്ങയുടെ കൃപാവരം ഞങ്ങളിൽ നിറയ്ക്കുകയും അങ്ങയുടെ ദാനങ്ങൾ ഞങ്ങളുടെ കരങ്ങൾവഴി വർഷിക്കുകയും ചെയ്യണമേ. അങ്ങയുടെ കാരുണ്യവും അനുഗ്രഹവും ഞങ്ങളുടെയും അങ്ങു തിരഞ്ഞെടുത്ത ഈ ജനത്തിന്റെയുംമേൽ ഉണ്ടാകുമാറാകട്ടെ.

കാർമികൻ നിവർന്നുനിന്ന് ഉയർന്ന സ്വരത്തിൽ ചൊല്ലുന്നു.

കാർമി. കരുണാനിധിയായ ദൈവമേ, ഞങ്ങളെല്ലാവരും ഒന്നുചേർന്ന് ഞങ്ങളെ അങ്ങുമായി രമ്യതപ്പെടുത്തുന്ന നീതിയുടെ പ്രവൃത്തികളാൽ ജീവിതകാലം മുഴുവനും അങ്ങയെ യഥോചിതം പ്രീതിപ്പെടുത്താൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും നിരന്തരം സമർപ്പിക്കാൻ ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ.

ശുശ്രൂ. മാമോദീസാ സ്വീകരിക്കുകയും ജീവന്റെ അടയാളത്താൽ മുദ്രിതരാകുകയും ചെയ്തവർ ഭക്തിയോടും ശ്രദ്ധയോടും കൂടെ വിശുദ്ധരഹസ്യങ്ങളിൽ പങ്കുകൊള്ളട്ടെ.

താഴെവരുന്ന പ്രാർഥനകൾ കാർമികൻ താഴ്ന്നസ്വരത്തിൽ ചൊല്ലി കൈകൾ കഴുകുമ്പോൾ ദിവ്യരഹസ്യഗീതം ആരംഭിക്കുന്നു.

കാർമ്മി. സകലത്തിന്റെയും നാഥനായ ദൈവം തന്റെ കൃപാസമുദ്രത്തിൽ നമ്മുടെ കടങ്ങളുടെയും പാപങ്ങളുടെയും കറ കഴുകിക്കളയട്ടെ.

കൈകൾ തുടയ്ക്കുമ്പോൾ ചൊല്ലുന്നു.

കർത്താവു തന്റെ കൃപയാലും അനുഗ്രഹത്താലും നമ്മുടെ പാപങ്ങളുടെ മാലിന്യം തുടച്ചുനീക്കുകയും ചെയ്യട്ടെ.

## ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

(ബ്രീകീത്തോൻ ... / മിശിഹാകർത്താവിൻ തിരുമെയ് ...)

ഗായക. കർത്താവേ, ഭൂമിയിലെങ്ങും
അവിടത്തെ നാമം എത്ര മഹനീയമാകുന്നു!

സമൂ. ഓശാനസ്തുതിയാൽ
ബാലകർ കീർത്തിച്ചു
രക്ഷകനീശോയെ.
മേഘത്തേരിലെഴുന്നള്ളും
നാഥനു സമനായാഗതനായ്
കഴുതത്തേരിലിരുന്നവനെ
ഹെബ്രായക്കാർ ദർശിച്ചു
പാടുകയായ് നാഥാ, ഓശാന.

ഗായക. കർത്താവിന്റെ നാമം സീയോനിൽ പ്രഘോഷിക്കപ്പെടും.

സമൂ. സുതനാം ദൈവത്തെ
ബാലകരോടൊപ്പം
വാഴ്ത്തിപ്പാടിടാം.
ഉന്നതവീഥിയിലോശാന
ആത്മാക്കൾ തൻ രക്ഷകനേ,
കർത്താവിൻ തിരുനാമത്തിൽ
വന്നവനും യുഗരാജാവായ്
വരുവോനും നിത്യം സ്തുത്യർഹൻ.

(അല്ലെങ്കിൽ)

ഗായക. കർത്താവേ, ഭൂമിയിലെങ്ങും
അവിടത്തെ നാമം എത്ര മഹനീയമാകുന്നു!

സമൂ. ദൈവികപ്രചോദനത്താൽ ഹെബ്രായ ബാലകർ ഓശാന പാടി അവിടത്തെ പ്രകീർത്തിച്ചു. കഴുതക്കുട്ടിയുടെ പുറത്തിരുന്നു സഞ്ചരിച്ച കർത്താവിനെ, മേഘങ്ങളിൽ സംവഹിക്കപ്പെട്ടവനെ എന്നപോലെ അവർ പ്രകീർത്തിച്ചു. നമുക്കും അവരോടുകൂടെ ആലപിക്കാം: ഉന്നതങ്ങളിൽ ഓശാന; കർത്താവിന്റെ നാമത്തിൽ വന്നവനും വലിയ മഹത്ത്വത്തോടെ വരാനിരിക്കുന്നവനുമായ നമ്മുടെ ആത്മാക്കളുടെ രക്ഷകൻ അനുഗൃഹീതനാകുന്നു.

**ഗായക.** കർത്താവിന്റെ നാമം സീയോനിൽ പ്രഘോഷിക്കപ്പെടും.
**സമൂ.** ദൈവികപ്രചോദനത്താൽ ...

(തുടർന്നുള്ള പ്രാർഥനകൾക്ക് കുർബാനക്രമം കാണുക)

## ദിവ്യകാരുണ്യഗീതം (ഓനീസാ ദ്‌വേമ്മ)

(ബ്രീക് ഹന്നാന .../ ഹല്ലേലുയ്യാ പാടീടുന്നേൻ ...)

**സമൂ.** ജനതകളെല്ലാമണയുക വേഗം
ദിവ്യരഹസ്യം കൈക്കൊള്ളാനായ്.

മുറിയപ്പെട്ടൊരു ഗാത്രവുമൊപ്പം
ചിന്തിയ രക്തവുമീ വേദികയിൽ.

തീക്കനലാമീ ഈ ദിവ്യരഹസ്യം
പാപം പോക്കും ജീവൻ നല്കും.

പാവനരായ് തിരുസന്നിധിയണയാം
വിശ്വാസത്തോടു കൈക്കൊണ്ടീടാം.

(അല്ലെങ്കിൽ)

**സമൂ.** നമ്മുടെ മുമ്പിൽ സജ്ജമാക്കപ്പെട്ടിരിക്കുന്ന ഈ ദിവ്യ രഹസ്യങ്ങൾ വിശ്വാസത്തോടും ഭക്തിയോടുംകൂടെ നമുക്കു സ്വീകരിക്കാം. നമ്മുടെ രക്ഷയ്ക്കായി മുറിക്കപ്പെട്ട ശരീരവും നമുക്കുവേണ്ടി ചിന്തപ്പെട്ടതും ഉടമ്പടിയുടേതുമായ രക്തവും കൈക്കൊള്ളാം. ഇതാ, പ്രവാചകനെ സ്പർശി ക്കുകയും എല്ലാ പാപങ്ങളിൽനിന്നും വിശുദ്ധീകരിക്കുകയും ചെയ്ത ജീവിപ്പിക്കുന്ന തീക്കട്ട. ശ്രദ്ധയോടും വിശുദ്ധി യോടുംകൂടെ നമുക്ക് അതിനെ സമീപിക്കാം.

## അനുഗീതം (ഓനീസാ ദ്‌വാത്തേ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

**ശുശ്രൂ.** ഓശാനകളാൽ ബാലകരെല്ലാം
നാഥനെ വാഴ്ത്തിപ്പാടുകയായീ.

ദാവീദിൻ സുതനുന്നതനെന്നും
മാനവരക്ഷകനവിടന്നല്ലോ.

ദിവ്യശരീരവുമതുപോൽ രക്തവു-
മേകിയ നാഥനു നന്ദി നിതാന്തം.

(അല്ലെങ്കിൽ)

ശുശ്രൂ. ഒലിവുശാഖകളേന്തിയ ബാലകർ ഈ ദിവസം മിശിഹായെ എതിരേറ്റു. ഓശാനഗീതികളാൽ അവർ അവനെ മഹത്ത്വപ്പെടുത്തി. അവനെ അയച്ച പിതാവിന് അവർ സ്തുതികൾ ആലപിച്ചു. ദാവീദിന്റെ ഭവനത്തിൽനിന്ന് കൃപാപൂർവം വന്നവനും ഞങ്ങളുടെ വംശത്തെ രക്ഷിച്ചവനുമായ മിശിഹാ വാഴ്ത്തപ്പെട്ടവനാകട്ടെ. സഹോദരരേ, തിരുശരീരരക്തങ്ങൾ സ്വീകരിച്ച് അവിടത്തെ തിരുനാമത്തിനു നിങ്ങൾ നന്ദി പറയുവിൻ.

## കൃതജ്ഞതാപ്രാർഥനകൾ

കാർമി. കർത്താവായ ദൈവമേ, മിശിഹായുടെ മരണവും ഉത്ഥാനവും അനുസ്മരിക്കുന്ന ഈ പരിഹാരബലിയിൽ പങ്കുചേരാനും ദിവ്യരഹസ്യങ്ങൾ സ്വീകരിക്കാനും ഇടയാക്കിയതിന് ഞങ്ങൾ അങ്ങയോടു നന്ദി പറയുന്നു. ഞങ്ങളുടെ ജീവിത സമർപ്പണംവഴി നിന്നെ മഹത്ത്വപ്പെടുത്താൻ ഞങ്ങളെ സഹായിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ. കർത്താവേ, ആശീർവദിക്കണമേ.

കാർമി. ഓശാനഗീതങ്ങളുടെ മധ്യേ ജറുസലേമിൽ പ്രവേശിച്ച കർത്താവേ, ഓശാനപാടി നിന്നെ സ്തുതിക്കാൻ ഞങ്ങളെയും യോഗ്യരാക്കിയതിന് ഞങ്ങൾ നിനക്കു നന്ദി പറയുന്നു. നിന്റെ പെസഹാരഹസ്യത്തിൽ പങ്കുചേർന്നവരായ ഞങ്ങൾ സ്വർഗീയ ജെറുസലേമിൽ എത്തിച്ചേർന്ന് അവിരാമം നിന്നെ മഹത്ത്വപ്പെടുത്താൻ ഇടയാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

## സമാപനാശീർവാദം

(തൂയൈ ... / കർത്താവാം മിശിഹാവഴിയായ് ...)

**കാർമി.** കർത്താവാം മിശിഹാവഴിയായ്
ദിവ്യാത്മാവിൻ ദാനങ്ങൾ
സ്നേഹപിതാവാം സകലേശൻ
വിരവൊടു നമ്മിൽ വർഷിച്ചു.

സ്വർല്ലോകത്തിൻ മഹിമയ്ക്കായ്
ദൈവം നമ്മെ വിളിച്ചല്ലോ
അക്ഷയസൗഭഗമാർന്നീടാൻ
ദൈവം നമ്മെ നയിച്ചല്ലോ.

എന്റെ ശരീരം ഭക്ഷിക്കും
എൻ രക്തം പാനം ചെയ്യും
മാനവനെന്നിൽ നിവസിക്കും
അവനിൽ ഞാനും, നിശ്ചയമായ്.

വിധിയിൽ വീഴാതവനെ ഞാൻ
അന്തിമദിവസമുയിർപ്പിക്കും
നിത്യായുസ്സവനേകും ഞാൻ
ഏവം നാഥനരുൾ ചെയ്തു.

നരരക്ഷകനും നാഥനുമായ്
ധരയിലണഞ്ഞൊരു മിശിഹായെ
നല്കിയ താതനു വന്ദനവും
സ്തുതിയുമണയ്ക്കാം സാമോദം.

എളിയൊരു കഴുതപ്പുറമേറി
വന്നൊരു രാജനെ വന്ദിക്കാൻ
ഓശാനകളാൽ വാഴ്ത്തീടാൻ
ഇടയാക്കണമേ റൂഹായേ.

പീഡ സഹിക്കാൻ, കുരിശേറാൻ
ഓർശ്ലേം പൂകിയ തിരുനാഥൻ
ത്യാഗമൊടെന്നും ജീവിക്കാൻ
നിത്യമനുഗ്രഹമരുളട്ടെ.

ജീവനെഴും തിരുസ്ലീവായാൽ
നിങ്ങൾ മുദ്രിതരാകട്ടെ
സംരക്ഷിതരായ്ത്തീരട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

**സമൂ.** ആമ്മേൻ.

(അല്ലെങ്കിൽ)

**കാർമി.** പിതാവായ ദൈവം, നമ്മുടെ കർത്താവീശോമിശിഹാവഴി എല്ലാ ആധ്യാത്മികദാനങ്ങളും നല്കി നമ്മെ അനുഗ്രഹിച്ചു. നമ്മുടെ കർത്താവു തന്റെ രാജ്യത്തിലേക്കു നമ്മെ ക്ഷണിക്കുകയും അക്ഷയവും അനശ്വരവുമായ സൗഭാഗ്യത്തിലേക്കു നമ്മെ നയിക്കുകയും ചെയ്തു. അവിടന്നു തന്റെ ജീവദായകമായ സുവിശേഷംവഴി ശിഷ്യഗണത്തോട് ഇപ്രകാരം അരുൾചെയ്തു: 'സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനംചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കും. അവസാനദിവസം ഞാൻ അവനെ ഉയിർപ്പിക്കും. അവനു ശിക്ഷാവിധി ഉണ്ടാകുകയില്ല. പ്രത്യുത, അവൻ മരണത്തിൽനിന്ന് നിത്യായുസ്സിലേക്കു പ്രവേശിക്കും.' രക്ഷകനും നാഥനുമായി തന്റെ പ്രിയപുത്രനെ ലോകത്തിലേക്കയച്ച പിതാവായ ദൈവത്തെ നമുക്കു സ്തുതിക്കാം. കഴുതപ്പുറത്ത് എഴുന്നള്ളി വിനയത്തിന്റെ മാതൃക നല്കിയ മിശിഹായെ നമുക്ക് ആരാധിക്കാം. കർത്താവിന്റെ സ്തുതികൾ ആലപിക്കാൻ നമ്മെ ശക്തരാക്കുന്ന പരിശുദ്ധാത്മാവിനെ നമുക്കു മഹത്വപ്പെടുത്താം. പീഡകൾ സഹിക്കാനും കുരിശിൽ മരിക്കാനും ജറുസലേമിൽ പ്രവേശിച്ച കർത്താവ്, ത്യാഗങ്ങൾ സഹിച്ച് ദൈവഹിതം നിറവേറ്റാൻ നമ്മെ ശക്തരാക്കട്ടെ. രക്ഷകനും രാജാവുമായി മിശിഹായെ സകലരും ഏറ്റുപറയാൻ ഇടയാകട്ടെ. ദൈവത്തിന്റെ ജനമേ, ഭൂമിയിൽ അവിടത്തേക്ക് ഓശാനപാടി സ്തുതിക്കുന്ന നിങ്ങൾ സ്വർഗത്തിൽ അനവരതം അവിടത്തെ മഹത്വപ്പെടുത്താൻ യോഗ്യരാകട്ടെ. കർത്താവിന്റെ കുരിശിന്റെ സജീവമായ അടയാളത്താൽ നിങ്ങളെല്ലാവരും മുദ്രിതരും എല്ലാ വിപത്തുകളിലുംനിന്നു സംരക്ഷിതരുമാകട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

**സമൂ.** ആമ്മേൻ.